# the thirty-sixth annual report of farook college 1983-'84

[Respected Vice-Chancellor of the Kerala University, Shri. Habib Mohamed, Respected Jaleel Saheb Members of the Rouzathul Uloom Association, Members of the Managing ommCittee of Farook College, our most esteemed guests, ladies and gentlemen —]

I have great pleasure in presenting before you the thirty-sixth Annual Report of Farook College. I am particularly happy that the College Day this year is celebrated in the presence of our esteemed guest Shri. Habib Mohamed, I. A. S., Vice-Chancellor of the Kerala University, who as you all know, is a distinguished member of the Indian Administrative Service, and a well-known educational administrator. To save time, I am giving only a very brief account of the activities during 1983-'84.

**Admission and strength :**

The College re-opened after Summer Vacation on 8-6-'83. The first year Pre-Degree classes started on 1-7-83, and I D. C and I P. G. classes commenced on 1-9-83 and 19-10-83 respectively. The total strength of studentsin the College is 2282, with the classwise break-up asfollows :

| | |
|---|---|
| I PDC | 559 |
| II PDC | 535 |
| I B. A. | 127 |
| II B. A. | 129 |
| III B. A. | 114 |
| I B. Sc. | 163 |
| II B Sc. | 144 |
| III B. Sc. | 132 |
| I B. Com. | 60 |
| II B. Com. | 60 |
| III B. Com. | 57 |
| I P. G. | 104 |
| II P. G. | 92 |
| Research Students | 6 |
| | 2282 |

**Staff :**

The strength of the teaching staff and non-teaching staff is 139 and 72 respectively, including the year's new additions of 23 in the teaching and 3 in the non-teaching staff. The detailed list is as follows :

| Sl. No. | Name of Teacher | Designation and Dept. | | Date of Joining |
|---|---|---|---|---|
| 1. | Mrs K. A. Mohamed Anvar | Jr Lecturer | History | 25-7-83 |
| 2. | ,, M. P. Abdul samad | ,, | Isl. History | 1-9-83 |
| 3. | ,, A. V. Antony | ,, | Physics | ,, |
| 4. | Smt. V. Sainaba | ,, | Botany | ,, |
| 5. | Sri. E. P. Jagadeesh | ,, | Chemistry | 5-9-83 |
| 6. | ,, K. A. Mathew | ,, | Physics | 22-9-83 |
| 7. | ,, T. V. Prakash | ,, | English | 26-9-83 |
| 8 | Smt. Jessy Chacko | ,, | Chemistry | 10-10-83 |
| 9. | Sri. K. Mohamed Basheer | ,, | Zoology | 20-10-83 |
| 10. | ,, A. Shajahan | ,, | Malayalam | 27-10-83 |
| 11. | ,, M. Mohamed Basheer | ,, | Sociology | 28-10-83 |
| 12. | ,, T. M Joseph | ,, | Statistics | 31-10-83 |
| 13. | ,, T. A. Mohamed | ,, | Isl. History | 29-11-83 |
| 14. | ,, P. Ahamed Sayed | ,, | Arabic | 1-12-83 |
| 15. | ,, C. P. Aboobacker | ,, | ,, | 2-12-83 |

| | | | | |
|---|---|---|---|---|
| 16. | ,, C. A. Jameel | ,, | Commerce | 2-1-84 |
| 17. | Smt. K. Zakkiyya | ,, | Mathematics | ,, |
| 18. | Sri. M. Abdul Vahab | ,, | English | ,, |
| 19. | ,, P. Anilkumar | ,, | Statistics | ,, |
| 20. | ,, E. M Mohamed | ,, | Physics | ,, |
| 21. | ,, U. Krishnaswamy | ,, | Statistics | 6-1-84 |
| 22. | ,, C. K. Ahamed | ,, | English | 6-2-84 |
| 23. | ,, E. Rajagopalan | ,, | Commerce | 15-2-84 |

**Non - teaching staff :**

| | | | |
|---|---|---|---|
| 1. | Mr. S. M. Nizamudheen | Last grade | 18-7-83 |
| 2. | ,, V. Junise | do | 24-2-84 |
| 3. | ,, K. Abdul Manzoor | do | ,, |

**Retirement and deputation :**

1 Prof. A. P. P. Namboodiri, Head of the Department of Malayalam was deputed as Principal of V.T.B. College, Sreekrishnapuram w. e. f. 21 - 12 - 82.

2 Mr V M Francis and K T Mohamed Ali (Dept. of Physics and Islamic History respectively) are still on deputation (4th year) and undergoing Ph D course in their respective subjects.

3 Prof. M Ravindran, Dept. of Physics, who was undergoing M Phil course at the Calicut University rejoined duty on 14-2-84, after completion of the course.

4 Smt K P Asha, Lecturer in English and Sri K P Abdulla, Lecturer in Commerce have been deputed for undergoing M Phil course, at the Calicut University w e f 4-6-83 and 15-2-84 respectively. (Smt K P Asha who was selected as Junior Lecturer in Govt. service relieved from service on 3-2-84)

5 Sri P Unni Nair, Duffadar, who served the College as Gardner for nearly 18 yeaas, retired from service on superannuation on 31-10-1983

The following 13 teachers are still on leave on loss of pay in connection with their assignments abroad -

| | | |
|---|---|---|
| 1 | Prof M Mohamed, | Dept of Arabic |
| 2 | Sri V P Abdul Hameed | do |
| 3 | Prof T Balakrishnan Nair, | Dept of Maths |
| 4 | Prof C A Abdul Vahid | do |
| 5 | Sri P K Abdul Kader, | Dept of Zoology |
| 6 | Prof N K Kurup, | Head of the Dept of Botany |
| 7 | Sri P Ummer, | Dept of Chemistry |
| 8 | Smt T A Zuhara | do |
| 9 | Sri R V Ibrahim, | Dept of Botany |
| 10 | ,, P Kunhahamed, | Dept of Physics |
| 11 | ,, K Koyatty, | Dept of Chemistry |
| 12 | Dr P A Jacob | do |
| 13 | Sri A Kuttialikutty, | Dept of Commerce |

The following 2 teachers are on long leave for study purposes :

1 Sri P S Shoukath, Dept of Physics
2 Sri C K Veerankutty, Dept of Commerce

The following 9 teachers left service during the academic year :-

1 Mr M P Ishak, Jr Lecturer in Zoology, on 29-9-83
2 Dr A V Antony, Jr Lect in Physics, on 10-10-83
3 Smt K M Zubaida, Jr Lect in Commerce, on 14-11-83
4 Dr N Ramachandran Nair, Prof of English, on 23-10-83
5 Sri M A Pareed, Lecturer in Arabic on 1-9-83
6 Sri T M Joseph, Jr Lect in Physics on 22-12-83
7 Sri K A Mohamed Anwar, Jr Lect in Hist on 2-1-84
8 Smt K P Asha, Lect in English, on 3-2-84
9 Sri T V Abdunnur, Lecturer in Physics on 20-2-84

**Examination Results :**

The performance of our students in the University Examinations was noteworthy. The percentage of passes in the various courses is given below :

| | | |
|---|---|---|
| 1 | Pre - Degree | 40.5 % |
| 2 | B A Econ | 45.5 % |
| 3 | B A English | 69 % |
| 4 | B A Arabic | 100 % |
| 5 | B Sc Maths | 71 % |
| 6 | B Sc Physics | 62 % |
| 7 | B Sc Chemistry | 46 % |
| 8 | B Sc Botany | 90 % |
| 9 | B Sc Zoology | 100 % |
| 10 | B Com | 38.4 % |
| 11 | M A English | 100 % |
| 12 | M A Arabic | 100 % |
| 13 | M Sc Maths | 75 % |
| 14 | M Sc Physics | 75 % |
| 15 | M Sc Chemistry | 50 % |
| 16 | M Sc Zoology | 100 % |
| 17 | M Com | 58 % |

Sri Abdul Majeed M, secured I Rank in B A Arabic and Islamic History and Miss K Ramani secured II Rank in M Sc Physics. Miss Zeenath M won the III rank in the II M Sc (Zoology) exam.

## COLLEGE UNION AND AFFILIATED ASSOCIATIONS

The College Union and affiliated Associations have been very active during this year. Elections to the Union were keenly contested. The following Office Bearers were elected.

| | |
|---|---|
| Chairman | T P Samsheer |
| General Secretary | Sajjad Saheer E K |
| Dy Chairman | Kulsu P |
| Jt Secretary | Ajitha E |
| Magazine Editor | Hameed Ali K M |
| Secretary, Fine Arts | Mohamed Rafi N |
| General Captain | Moideenkutty M |
| University Union Councillors | Ismail R, Mohamed Basheer N V |

The College Union this year was inaugurated by Shri T N Jayachandran, I A S Vice-chancellor, Calicut University and the Fine Arts Association by Shri Vasu Pradeep.

The Union conducted a number of educational and cultural programmes this year, a detailed report on which will be presented to you separately. I congratulate the Office Bearers of the Union on their achievements this year.

**B Zone Arts Festival:**

Our students presented a very good show at the B Zone Arts Festival held at Calicut on 2-3 March 1984. Even though they secured an aggregate of 156 points they had to satisfy themselves with the third position in the final ranking At Ragam Arts Festival held at the Regional Engineering College, Calicut, our students secured prizes in several items like Group Music, Western Music etc.

**Library:**

The College Library has a collection of 45,731 volumes including 2257 volumes added this year. The library is working from 8-30 a m to 6-30 p m without break. We have spent a sum of Rs 1,03,428-62 for purchase of books and periodicals this year. Dr V A Seyid Mohamed, High Commissioner of India in the United Kingdom, Sri T N Jayachandran, I A S, Vice-Chancellor of Calicut University, and Sheik Abdulla Ibrahim Al-Ansari of Kuwait, were some of the distinguished persons who visited the library this year.

**Research Programmes :**

The following teachers are undergoing Ph D courses :

1 Prof V M Francis at University of Calicut
2 Prof K T Mohamed Ali, at Aligarh Muslim University

The following teachers are also doing part-time research work :

| | | |
|---|---|---|
| 1 | Prof S Krishna Iyer, | Dept of Zoology |
| 2 | Dr E A A Shukkur, | do |
| 3 | Sri K Madhusoodanan, | Dept of Maths |
| 4 | ,, T P Mohamed AbdulRasheed, | Dept of Arabic |
| 5 | ,, K M Abdur Rasheed, | Dept of Chemistry |
| 6 | ,, K Mohamed Basheer, | do |
| 7 | Prof N K Abdul Kareem. | Dept of English |
| 8 | Sri C P Ummer Kutty | do |
| 9 | Smt A K Munawar | do |
| 10 | Sri T V Prakash | do |
| 11 | Sri Abdul Haque, | Dept of Islamic History |
| 12 | ,, S M Y Gilani, | do |
| 13 | ,, K V Veeran Moideen, | Dept of Arabic |
| 14 | ,, K T Hamsa | do |

**Mappila Studies cum Research Centre :**

The M S R C was set up with the aim of promoting study and Research in Mappila History and tradition. The centre was inaugurated on 25th March 1983 by Dr M K Mohamed Koya. The centre has collected a number of volumes in Malayalam and Arabi-Malayalam. A Bio-data Bank of eminent personalities of the State is being set up. The centre has published a Bibliography on the History, Tradition and Culture of Kerala Muslims. A seminar on Kerala through Centuries' has been planned and is to be held shortly.

**Seminars and Conferences:**

Prof P Abdurahiman, Dept of Commerce attended the workshop on "Population Education" conducted by the Indian Education for Continuing Education at the Gandhigram Rural Institute, Tamil Nadu from 14-10-83 to 18-10-83. He also attended the Annual Conference of the Indian Adult Education Association held at Mysore from 15-12-83 to 18-12-83.

A seminar-cumwork shop on Student problems and Student Advising was organised in collaboration with the United States Educational Foundation in India on 6th and 7th Jan, 1984 details of which have been given elsewhere in the report.

## CO-CURRICULAR ACTIVITIES

**National Service Scheme :**

The national Service Scheme has been very active this year. The volunteers participated in the Social Forestry Programme, and College campus cleaning Programme. The Unit has prepared plans for a Children's Park in the campus near Staff quarters, and it is to be completed within two years. One of the outstanding programmes of the Unit this year was a 'meeting of three generations' arranged at the College auditorium in which the Unit honoured freedom

fighters like Sri Moidu Moulavi, Sri M K Kelu, Sri R M Manakkalath, Sri Appakoya, Sri A Balagopal Sri Unnipperavan, Sri Balakrishnan, Sri Vasudevan Nair, Sri K P Mohamed, Sri Kallat Krishnan and Sri N P Aboo. Sri P P Ummerkoya and N p Mohamed represented the middle generation and three students represented the younger generation A ten days camp of the N C C volunteers was held at Agali, Attappadi. Members implemented service programmes for tribals, by constructing a road, and conducting sports and arts meets. N S S volunteers visited Silent Valley this year. A mountaineering competition was arranged for the volunteers. The unit has planned to select two 'college colours' from students based on their talents and activities, Arts & Literature and Sports and Games.

**Planning Forum :**

A cleaning campaign was organised in Dec. 1983. Planning Forum volunteers cleaned the premises of the College and Staff Club. A Symposium was held on 8-3-84 at which Prof Sukumar Azhikode and Sri R M Manakkalath spoke on 'The Decay of Culture in Modern Life'.

**The Film Club :**

The Club arranged shows of educational and cultural films at various centres in the campus. A good number of films were screened on various topics relating to Science, Technology, Travel Sports and Games.

**Vocational Guidence Centre :**

The Vocational Guidence Centre has made provisions in the College Library to facilitate proper guidance of students in utilising job opportunities and competitive examinations. Besides, special coaching classes in various subjects are being conducted to help weak students.

**Excursions and Educational Tours :**

Educational trips were arranged by various Departments and Hostels. The Depts. of Physics, Chemistry, Zoology, Botany, Statistics, English, and Islamic History were some of the Depts. that arranged educational tours this year under the guidence of the teachers of the Depts.

**N C C Army :**

The activities of the N C C army started this year on 9 - 9 - 83. The total strength of the Unit is 44. 8 cadet of this unit attended the Combined Annual Training Camp at Chittur in Aug 83 and 10 cadets attended A T C at Parasinikadavu. U/Os. Abdul Rasheed M and Subramanniam P and Cadet Pradeep T K were selected for Pre-Republic Day camp held at Trivandrum. 6 cadets attended 'E' certificate Examination and 2 attended 'C' certificate Exam in Feb. 84. The Sr. Under Officer of this units passed the 'C' Certificate Exam. of April 83.

**N C C Navy :**

The N C C Navy wing has a strength of 31 cadets. The regular training started in Sept 83 which included Boat-pulling, Sailing and Firing practice Mr Ashraf M K was selected as Petty Officer Cadet. M/s Khalid K V and Jayaprakash P attended Pre-Republic Day camp held at Cochin. Five cadets participated in the Sailing expedition conducted for 3 days in January 84. Mr Mohamed kutty of I P D C attended Annual Training Camp held at Cannanore during X'mas holidays. Our boat pulling team secured the second prize in the competition conducted in connection with the Republic Day Celebrations.

**Sports and Games :**

Our College teams in Football and Ball Badminton won the B Zone Championship, and Shuttle Badminton and Tennis teams got Runner-up place These four teams also took part in the Calicut University Inter Zone Championships of this year. Our Cricket team reached the Semi Final stage in the B Zone tournament and wrested Kozhikode Dist Association B Division Championship.

Mr Ashraf, Mr C C Aboobacker koya and Mr Muhamed Zubair brought laurels to the College by their participation in the Inter University level competitions Ashraf and Aboobacker koya were members of the Calicut University Football team that won the All India Inter University Football championship for 'Asuthosh Mookerji Shield' held at Calicut in Nov. 1983. Zubair won second and third places in 100 mts. and 200 mts. breaststroke at the University swimming competitions held at Palghat during Aug Sept 1983. 13 students of our college participated in various games at the Zonal and District levels.

Intramural competitions on four-house basis for men and women were conducted during Jan / Feb '84 in all games and track and field events, The annual Sports meet was held on 13th and 14th Feb 1984. The Principal opened the meet on 13th and Sri P Aboobacker Haji, Asst Commissioner of Police, Calicut was the Guest of Honour at the closing function on 14th Feb. Mr Hamzath A M won the individual championship among men Miss Laila was the individual champion among women. Sir Syed House won the

House Championship for Men and Tippu House won the Championship for women. The overall championship was wrested by Sir Syed House under the captaincy of Mr Ausaf Ashan. I am glad to report that in the Kozhikode Dt. Jr. Ball Badminton Championship the College Badminton team was awarded the K. Sankaran Nair Memorial Ever Rolling Trophy on 11 - 3 - 1984.

## STAFF AND STUDENT WELFARE SCHEMES

**Advisory Programme :**

The Advisory Programme under the leadership of the Director of Student Services, Prof M. Gopinath, functioned very effectively this year. The programme has brought about a closer contact between teachers and students on the one hand, and parents and teachers on the other.

A seminar-cum-workshop on Student Problems and Student Advising was arranged on 6th & 7th Jan. 1984 in collaboration with the United States Education Foundation, New Delhi, details of which are given elsewhere in the report.

**Hostels :**

There are six hostels attached to the College. The total strength in the men's hostels is 354 and the strength of the women's hostel is 220. Each hostel has its own Warden and Asst. Wardens Among the six hostels three hostels run mess. Provisions are made for both indoor and outdoor games in the hostels and there are special provisions for libraries and cultural activities. The hostels conducted a number of functions this year with focus on educational and cultural topics, inviting eminent intellectuals to these functions.

**Canteen :**

The canteen is run by a licensee, providing refreshments and meals to the students of the College and other institutions in the campus.

**Health Centre :**

The College Health Centre has been functioning as in the previous years. There is a doctor and para medical staff in the Health Centre. There is a committee to advice on the activities of the Health Centre.

**Staff Club :**

After the re-opening of the College this academic year, the first meeting held was on 17th Aug. 1983. Prof. K A Jaleel, Former Vice-Chancellor of the University of Calicut gave a lecture on 'Recent Trends in Education'.

A very important event organised in the College this year was a two-day workshop on Student Advising. The Staff Club co-operated for the successful conduct of the workshop. Dr. Prem Pasricha of U S E F I, Delhi was the Chief Moderator. Prof K A Jaleel, Former Vice-Chancellor, University, of Calicut, Dr V Ayyappan Pillai, Principal Farook Training College were other important participants.

This year the staff association has decided to launch a welfare scheme for the retiring teachers. Regular meetings of the staff are held to discuss problems of general interest and of particular interest to the teaching community.

**Staff Quarters :**

There are 20 quarters for the teaching staff of this College. The proposal for constructing quarters for the non-teaching staff of the College is under the consideration of the Management.

**Parent - Teacher Association :**

Three Executive Committee meetings and one General Body meeting were held during this year. A full time clerk has been appointed for proper maintenance of attendance, examination performance of students etc. A separate counter is provided at the College office to furnish necessary information to parents regarding their words. The General Body of the Association which met recently has planned a number of useful projects for the ensuring year.

**Old Students' Association :**

The Association conducted an Essay competition for College students and school students of the neighbouring institutions. Sri Narayanan Namboodiri of Govt. Arts&Science College, Calicut and Sri.Mohamed Basheer of Farook High School, Secured the First Prizes.

The Third Abussabah Ahamed Ali Memorial Extension Lecture was delivered by Dr. V A Seyid Mohamed, Indian High Commissioner to U K on 5th Dec. 1983. The Association is taking steps for the construction of an Old Boy's Home in the campus. Work on this project is to start very shortly.

**National Adult Education Programme :**

The third batch of 30 Adult Education centres sanctioned by the U G C has been functioning during

the year under report. Classes were conducted from March to June 1983 and the course of this batch was completed by February 1984. 924 adults were enrolled in this batch, of which 322 were from Scheduled Caste and 234 women. The number of learners admitted in the three batches comes to 2767 of which 1820 have completed more than 50% attendance and become literate.

A one-day work-shop for the neo-literates was held on 28-12-83 the College auditorium. Prof. K A. Jaleel, Former Vice Chancellor of the Calicut University inagurated the work-shop.

**Afforestation Programme:**

The Social Forestry Division of the Forest Dept., Govt. of Kerala have adopted an area of about 1 hecter in the campus, and planted different species of plants in the plot. The plot is maintained well by the Dept. Further expension is contemplated for future year.

**Water Supply:**

Water supply has been a constant problem for the College for the last so many years. I am glad to report that as a result of the initiative taken by the College Managetment, and the active interest shown by the Minister for Irrigatiod Shri. M P. Gangadharan, two tube wells have been dug within the campus by the P. H. E. D. With the supply of water from these wells, we hope the position will case considerably in the coming years.

**Scholarships:**

A large number of students are enjoying ver'ous scholarships such as National Loan Scholarship, National Merit Scholarships, University Merit Scholarship, Hindi Scholarships, Physically Handicapped Students scholarships, Cultural Scholarships, District-wise Merit Scholarship, Sports Scholarship etc. Besides, fee concession to O B C stndents and socially and educationolly backward students, Freeship, stipend and Lump-sum grant to Scheduled Tribe students and O. E. C. students are granted from the Harijan Welfare Department. Concessions under Kumara Pillai Commission Report are granted to Forward Communi'y students olso. The total number of students enjoying concessions and scholarships duridg this year is 1083.

**University Grants Commission :**

During the year 1983-84, the University Grants Commission released an amount of Rs. 47,000/- towards the balance of Basic Grant sanctioned, for purchase of books and journals and laboratory equipments.

The proposel of the College for the Development of undergraduate educational facilities during VI plan period has been approved by the U G C at a total cost of Rs. 3,09,400/- the UGC share being Rs. 2,48,400/-. Towards the U G C share, a sum of Rs. 1,00,000/- has already been received for purchase of books and equipments

A sum of Rs 29,282/75 has been received from the U G C during this year towards salary of substitutes appointed in place of teachers deputed for undergoing research work under Faculty Improvement Programme which has been remitted to State Govt Account

A basket ball court, constructed with U G C assistance has been commissioned

The proposal of the College for the Development of Post graduate studies at an estimated cost of Rs. 15,59,500/- is still under consideration of the U G O

**Conclusion :**

The year under review has been comparatively quiet, and it is gratifying to state that the various departments and branches of the College worked at full steam. I must thank the Managing Committee, the teaching and non-teaching staff and the students of the College for their dedication and team work and for the unstinted co-operation they have extended to me in all the activities relating to the welfare of the College.

# കോളേജ് യൂണിയൻ റിപ്പോർട്ട് 1983-84

സുഹൃത്തുക്കളെ,

ഒരു കോളേജ് യൂണിയന് മാററങ്ങളുടെ തീപന്തം കത്തിക്കുക അസാദ്ധ്യമാണ്. പക്ഷെ പിന്നിട്ടുപോയ ഒററയടിപ്പാതയിൽനിന്ന്, തെളിച്ചിടമാറി, ഒരു നാട്ടുവെളിച്ചത്തിന്റെ പ്രഭ പരത്താൻ ഞങ്ങൾ ശ്രമിച്ചു. പരിമിതമായ സമയപരിധിയിൽ വെച്ച് ഭൂരിപക്ഷം ഫണ്ടും കോളേജ്തിരഞ്ഞെടുപ്പിന് വേണ്ടി വിനിയോഗിക്കപ്പെട്ട പശ്ചാത്തലത്തിൽ, എന്താണ് ചെയ്യാനാവുക എന്ന് നിങ്ങൾതന്നെ ചിന്തിക്കുക. ഈ പരിമിതികളിൽ നിന്ന് കൊണ്ടാണ്, കഴിഞ്ഞകാലപ്രവർത്തനങ്ങളെ വിലയിരുത്തുന്നത്.

1983 ഒക്ടോബർ 7ന് നടന്ന തെരെഞ്ഞെടുപ്പിൽ

| | |
|---|---|
| സംഷീർ ടി. പി. | (ചെയർമാൻ) |
| കൽസു പി. | (വൈ. ചെയർമാൻ) |
| സജ്ജാദ് സഹീർ ഇ. കെ. | (സെക്രട്ടറി) |
| അജിത ഇ. | (ജോ. സെക്രട്ടറി) |
| മുഹമ്മദ് ബഷീർ എൻ. വി. | (യൂനി: യൂണിയൻ കൗൺസിലർമാർ |
| ഇസ്മയിൽ ആർ. | |
| ഹമീദലി കെ. എം. | (സ്ററുഡൻറ് എഡിററർ) |
| മുഹമ്മദ്റാഫി എൻ. | (ഫൈൻആർട്സ് സെക്രട്ടറി) |
| മൊയ്തുട്ടി എം. | (ജനറൽ ക്യാപ്ടൻ) |

അസോസിയേഷൻ സെക്രട്ടറിമാരായി:—

| | |
|---|---|
| അബൂബക്കർ എം. കെ. | (മലയാളം & സോഷ്യോളജി) |
| മുഹമ്മദ് അബ്ദുറഹിമാൻ പി. കെ. | (ഇംഗ്ലീഷ്) |
| കോയക്കുട്ടി പി. കെ. | (ഇസ്ലാമിക് ഹിസ്റ്ററി) |
| മുസ്തഫ സി. പി. | (ബോട്ടണി) |
| അലി വി. | (സുവോളജി) |
| ജാഫർ സി. പി. | (കെമിസ്ട്രി) |
| മുഹമ്മദലി പി. | (ഫിസിക്സ്) |
| ഹരിനാരായണൻ പി. കെ. | (മാത്തമാററിക്സ്) |
| മുഹമ്മദ് നൗഫൽ എം. പി. | (ഇക്കണോമിക്സ്) |
| അബ്ദുൽ റഷീദ് പി. വി. | (കോമേഴ്സ്) |
| പ്രകാശ് എൻ. | (സ്റ്റാററിററിക്സ്) |

ക്ലാസ് പ്രതിനിധികളായി:—

| | |
|---|---|
| മുഹമ്മദ് ലാഹിക് കെ. | (ഒന്നാംവർഷ പി. ഡി. സി) |
| മുഹമ്മദ് പി. ടി. | (രണ്ടാംവർഷ പി. ഡി. സി) |
| ഹാഷിഫ് പി. | (ഒന്നാംവർഷ ഡിഗ്രി) |
| രാജു എൻ. ടോം | (രണ്ടാംവർഷ ഡിഗ്രി) |
| സിദ്ദിഖ് ടി. | (മൂന്നാംവർഷ ഡിഗ്രി) |
| അബ്ദുറഹിമാൻ യു. | (പി. ജി) |

എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

യൂണിയൻ സ്റ്റാഫ് ഉപദേശകനായി പ്രൊ: എസ് കൃഷ്ണയ്യരെ പ്രിൻസിപ്പാൾ നോമിനേററു ചെയ്തു.

3-11-1983ന് ചേർന്ന യൂണിയൻ കൗൺസിൽ യോഗത്തിൽഅബൂബക്കർ എം. കെ., ഹാഷിഫ് പി, മുഹമ്മദ് പി. ടി.എന്നിവരെ യൂണിയൻ എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുത്തു.

## യൂണിയൻ ഉൽഘാടനം

നവംബർ 23-ാം തിയ്യതി വൈകന്നേരം മൂന്ന് മണിക്ക് കോളേജ് ഓഡിറേററിയത്തിൽ വെച്ച് പ്രൗഢഗംഭീരമായ ചടങ്ങിൽ കോളേജ് യൂണിയന്റെ പ്രവർത്തനങ്ങളുടെ ഔപചാരിക ഉൽഘാടനകർമ്മം കോഴിക്കോട് സർവ്വകലാശാല വൈസ്ചാൻസലർ ടി. എൻ. ജയചന്ദ്രൻ നിർവ്വഹിച്ചു. ചെയർമാൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ സ്വാഗതപ്രസംഗവും, സ്റ്റാഫ് അഡ്വൈസർ ആശംസാപ്രസംഗവും നിർവ്വഹിച്ചു, സെക്രട്ടറി നന്ദി പറഞ്ഞു.

## ഫൈൻ ആർട്സ് അസോസിയേഷൻ ഉൽഘാടനം

നവംബർ 23-ാംതിയ്യതി കാലത്ത് 10 മണിക്ക് ഫൈൻ ആർട്സ് അസോസിയേഷന്റെ ഉൽഘാടനം ചിത്രകാരനും നാടകനടനുമായ ശ്രീ. വാസുപ്രദീപ് നിർവ്വഹിച്ചു. ഫൈൻ ആർട്സ് സെക്രട്ടറി സ്വാഗതം പറഞ്ഞു. ചെയർമാൻ അദ്ധ്യക്ഷനായിരുന്നു. ഫൈൻആർട് ഡയറക്ടർ ആശംസാപ്രസംഗം നടത്തി, സെക്രട്ടറി യോഗത്തിൽ നന്ദിപറഞ്ഞു. ഉൽഘടാനാനന്തരം നമ്മുടെ കോളേജിലെ യുവപ്രതിഭകൾ വത്യസ്ത കലാപരിപാടികൾ അവതരിപ്പിച്ചു. തുടർന്ന് ബട്സ് ഓർകസ്ട്രാട്രൂപ്പും നമ്മുടെ കോളേജ്ഓർക്കസ്ട്രാട്രൂപ്പും ചേർന്ന് ഒരു ഗംഭീര സംഗീത സദസ്സ് ഒരുക്കുകയുണ്ടായി.

## ഡ്രാമററിക് ക്ലബ്, ഓർകസ്ട്രാ ടീം രൂപീകരണം

ഫൈൻ ആർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കോളേജിലെ മികച്ച നടന്മാരെ തിരഞ്ഞെടുത്ത് ഡ്രാമററിക് ക്ലബും മികച്ച ഉപകരണസംഗീത വിദഗ്ദൻമാരെയും, ഗായികാഗായകന്മാരെയും തിരഞ്ഞെടുത്ത് ഓർക്കസ്ട്രാടീമും രൂപീകരിച്ചു.

## അനുമോദനം

11-11-83 ന് കോളേജ് യൂണിയന്റെയും, സ്റ്റാഫ് ക്ലബ്ബിന്റെയും സ്പോർട്സ് കൗൺസലിന്റെയും ആഭിമുഖ്യത്തിൽ 'അശുതോഷ് മുഖർജി ഷീൽഡ്' നേടിയ കലിക്കററ് സർവ്വകലാശാലാ ഫുട്ബോൾ ടീമിലെ നമ്മുടെ കോളേജ്

വിദ്യാർത്ഥികളായ സി. സി. അബൂബക്കർകോയ, കെ. അഷ്റഫ് എന്നിവരെ പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് അനുമോദിച്ചു. യോഗത്തിൽ യൂണിയൻ സെക്രട്ടറി സ്വാഗതം പറഞ്ഞു.

## റിപ്പബ്ലിക് ദിനാഘോഷം

ഈ വർഷവും റിപ്പബ്ലിക്ദിനം സമുചിതമായി ആഘോഷിച്ചു. കാലത്ത് 7 മണിക്ക് പ്രിൻസിപ്പാൾ പതാകയുയർത്തി. തുടർന്ന് ഓഡിറേററിയത്തിൽ റിപ്പബ്ലിക്ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ധ്യാപകരും വിദ്യാർത്ഥി നേതാക്കളും പങ്കെടുത്ത് സംസാരിച്ചു.

## ഡിബേററ്

ഈ കലാലയത്തിന്റെ മഹാന്മാരായ ശില്പികളിൽ പ്രമുഖനും പണ്ഡിതനുമായിരുന്ന മൗലനാ അബൂസഹാബ് അഹമ്മദലി സാഹിബിന്റെ സ്മരണക്കായി നടത്താറുള്ള ഇൻറർ കോളേജിയററ് ഡിബേററ് ജനുവരി 25ന് സംഘടിപ്പിച്ചു. ഇതിൽ ഏററവും കൂടുതൽ പോയൻറ് നേടി നമ്മുടെ കോളേജ് വിജയികളായി. ഏററവും നല്ല പ്രാസംഗികനായി അഷ്റഫ് ബിൻ അലിയും, പ്രാസംഗികയായി മറിയം കെ. വി. (ഫറൂഖ് ട്രെയിനിംഗ് കോളേജ്) യും തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് കൊണ്ടോട്ടി ഇ. എം. ഇ. എ കോളേജ് പ്രിൻസിപ്പാൾ പ്രൊ: മുഹമ്മദ്കുഞ്ഞി അബുസ്സബാഹ് സ്മാരക പ്രഭാഷണം നടത്തുകയും വിജയികൾക്ക് ട്രോഫിയും സമ്മാനങ്ങളും നൽകുകയും ചെയ്തു.

## മതസൗഹാർദ്ദ സമ്മേളനം

ദേശീയ അഖണ്ഡതയ്ക്ക് ഭീഷണിയാവുന്ന വിധത്തിൽ വർഗ്ഗീയജാതീയ സംഘടനകൾ ഇന്ന് ഇന്ത്യയിൽ ശക്തമായി വളർന്നു കൊണ്ടിരിക്കുകയാണ്. ഭരണാധികാരി വർഗ്ഗത്തിന്റെ സ്ഥാപിത താല്പര്യങ്ങളിൽ ഇവ കരുത്താർജിക്കുകയാണ്. പഞ്ചാബ്, ആസ്സാം........ നമ്മുടെ മുന്നിലുള്ള യാഥാർത്ഥ്യം നിരവധിയാണ് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതനിരപേക്ഷത ഇന്ന് ദുർവ്യാഖ്യാനം ചെയ്യപ്പെടുകയാണ്. ("Our Suprime goal is to bring to life the all round glorry of Hindu Rashtra" Bunch of thoughts page 33) വാദക്കാരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ മതസമുദായിക സംഘർഷങ്ങളും പെരുകിയിരിക്കയാണ്. ആയതിനാൽ മതസൗഹാർദ്ദത്തിന് ഇന്ന് ഏറെ പ്രസക്തിയുണ്ട്. യൂനിയൻ സംഘടിപ്പിച്ച മതസൗഹാർദ്ദസമ്മേളനം അതിലേക്കുള്ള ഒരു ചുവടുവെപ്പായിരുന്നു. സിദ്ധിനാഥാനന്ദ സ്വാമികളും ഡോ: ജോർജ് വി. ആൻഡ്രൂസും. ശ്രീ. ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയും ഒരേ വേദിയിൽ വെച്ച് ആശയവിനിമയം ചെയ്യുകയുണ്ടായി. മതാതീത സമുദായത്തെ പററി ഉൾകാഴ്ച നൽകാൻ സമ്മേളനം ഉപകരിച്ചു. മത സങ്കല്പങ്ങളെപ്പററി ആഴമേറിയ പഠനങ്ങൾ അനിവാര്യമാണെന്ന് യോഗത്തിൽ വെച്ച് ഉരുത്തിരിഞ്ഞു.

## ബെനിഫിററ്ഷോ

കോളേജ് യൂണിയൻ ഫണ്ട് യൂണിയൻ പ്രവർത്തനങ്ങൾക്ക് തികച്ചും അപര്യാപ്തമായതിനാൽ 2–2–84ന് യൂണിയൻ ധനശേഖരണാർത്ഥം ഫറോക്ക് പ്രീതിയിൽ വെച്ച് 'ഇരുട്ടിന്റെ ആത്മാവ്' എന്ന മലയാള സിനിമ പ്രദർശിപ്പിക്കുകയുണ്ടായി. പ്രദർശനത്തിൽനിന്നും ലഭിച്ച വരുമാനംകൊണ്ട് മാത്രമാണ് ഇന്നുവരെയുള്ള യൂണിയൻ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞത് എന്ന് ഞാൻ പ്രത്യേകം സൂചിപ്പിക്കുന്നു.

## പ്രമേയം

ബെനിഫിററ്ഷോ നടത്തി ഫണ്ട് ശേഖരിക്കുന്നത് ഭാരിച്ചതും ദുഷ്പേര് വരുത്തുന്നതുമാകയാൽ ഈ സമ്പ്രദായം ഒഴിവാക്കി അടുത്തവർഷം തൊട്ടുള്ള യൂണിയന് വേണ്ടി, ആ അദ്ധ്യായനവർഷാരംഭം മുതൽ ഒരു സ്ഥിരം ഫണ്ടിന് ചെറിയൊരു തുക വീതം ഓരോ വിദ്യാർത്ഥിയുടെയും കൈയിൽ നിന്ന് പിരിച്ചെടുക്കാൻവേണ്ടി, ഞങ്ങൾ അദ്ധ്യാപക രക്ഷാകർത്തസമിതിക്ക് ഒരു പ്രമേയം സമർപ്പിച്ചിരിക്കുന്നു. ഈ പ്രമേയം 12–3–84 ന് കൂടിയ അദ്ധ്യാപകരക്ഷാകർതൃ സമിതി യോഗത്തിൽ ഐക്യകണ്ഠേന അംഗീകരിച്ചിരിക്കുകയാണ്. ഈ ഫണ്ടിന്റെ ഗുണം അടുത്ത യൂണിയന് ഉണ്ടാവും എന്ന് ഞങ്ങൾ ആശിക്കുന്നു.

## സ്ററാമ്പ്, കോയൻസ്, പെയ്ൻറിങ്ങ്, എക്സിബിഷൻ

നമ്മുടെ കോളേജിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു ഫെ: 24ന് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് സ്ററാമ്പ് കോയൻസ്, പെയ്ൻറിങ്ങ് പ്രദർശനം നടത്തുകയുണ്ടായി. 15 ഓളം വിദ്യാർത്ഥികളുടെ കലക്ഷനുകൾ പ്രദർശനത്തിനുണ്ടായിരുന്നു. കലാരംഗത്ത് നമ്മുടെ വിദ്യാർത്ഥികൾ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നുവെന്നു സൂചിപ്പിക്കാനാഗ്രഹിക്കുന്നു.

## ദേശീയോദ്ഗ്രഥനത്തെപ്പററി

മതസാമുദായിക ശക്തികളുടെ തീഷ്ണമായ വെല്ലുവിളികൾ ദേശീയോദ്ഗ്രഥനത്തിന് ഭീഷണിയാവുന്ന ഈ അവസ്ഥയിൽ, ദേശീയോദ്ഗ്രഥന കമ്മററികളൊക്കെ ഏട്ടിലൊതുങ്ങുന്ന കാലഘട്ടത്തിൽ ''ദേശീയോദ്ഗ്രഥനം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെക്കുറിച്ച് യൂണിയൻ സംഘടിപ്പിച്ച സിമ്പോസിയം ഉപകാരപ്രദമായിരുന്നു.

പ്രശസ്ത നിരൂപകനായ പ്രൊ: തായാട്ട് ശങ്കരൻ, ഡോ. എം. എസ് മേനോൻ, ശ്രീ. അബ്ദുസമദ്സമദാനി, ശ്രീ. റഹിം മേച്ചേരി എന്നിവരടങ്ങിയ സദസ്സ് നമ്മുടെ ചിന്തകൾക്ക് വിരാമമിടത്തക്ക അറിവുകൾ പകർന്നുതന്നു. ശ്രീ. വി. കുഞ്ഞബ്ദുള്ള വിഷയം അവതരിപ്പിച്ചു.

## സീതി സാഹിബ് സ്മാരക ക്വിസ്സ്

കോളേജ് സ്ഥാപക നേതാക്കളിൽ പ്രമുഖനും, കേരള നിയമസഭാ സ്പീക്കറുമായിരുന്ന സീതിസാഹിബിന്റെ സ്മരണാർത്ഥം നടത്തപ്പെട്ട ഇൻറർ കോളേജിയററ് ക്വിസ്സ് മത്സരത്തിൽ ദേവഗിരി കോളേജ് ഒന്നാംസ്ഥാനം കരസ്ഥമാക്കി, രണ്ടാം സ്ഥാനം നമ്മുടെ കോളേജിനും ലഭിച്ചു. സീതി സാഹിബ് സ്മാരക പ്രഭാഷണവും, സമ്മാനദാനം നിർവ്വഹിക്കുന്നതിനും വേണ്ടി 28–3–84ന് ബഹുമാനപ്പെട്ട ക്ഷേമ മന്ത്രി യു. എ. ബീരാൻ കോളേജിലെത്തുകയുണ്ടായി.

## കലാസാഹിത്യരംഗം

സാമ്പത്തിക പ്രതിസന്ധികളും മററു പ്രതിബന്ധങ്ങളും ഏറെ ഉണ്ടായിരുന്നിട്ടും, കലയെ പ്രകാശമാനമാക്കി മാററുവാനും, വിദ്യാർത്ഥികളുടെ ബഹുമുഖ പ്രതിഭകളെ പരിപോഷിപ്പിക്കുവാനും യൂണിയന്ന് കഴിഞ്ഞിട്ടുണ്ടെന്ന് അഭിമാനപൂർവ്വം പറയാൻ കഴിയും.

മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് 'കാലിക്കററ്' സർവ്വകലാശാല 'സ്റ്റുഡൻറ് ഡിപ്പാർട്ട്മെൻറ്' നടത്തിയ പ്രബന്ധ, പ്രസംഗ മത്സരങ്ങളിൽ നമുക്ക് സമ്മാനങ്ങൾ നേടാൻ കഴിഞ്ഞു. കണ്ണൂർ റെഡ്സ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ് നടത്തിയ ചെറുകഥ, കവിതാ മത്സരത്തിലും നമുക്ക് സമ്മാനങ്ങൾ നേടാൻ കഴിഞ്ഞു.

കോഴിക്കോട് Rotract club അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തിയ ''റൊട്ടോത്സവ് 84''ൽ മലയാളം ഡിബേററ്, ഇംഗ്ലീഷ് ചെറുകഥ, ഡിസ്കോ ഡാൻസ്, ടാബ്ളോ എന്നീ മത്സരങ്ങളിലും നമുക്ക് വിജയം കണ്ടെത്താൻ കഴിഞ്ഞു.

കോഴിക്കോട് R E C സംഘടിപ്പിച്ച 'രാഗം 84'ൽ നമുക്ക് മൂന്നാം സ്ഥാനം നേടാൻ കഴിഞ്ഞു. ഗ്രൂപ്പ് മ്യൂസിക്കിൽ ഏററവും നല്ല ഓർകസ്ട്രാ ടീമിനുള്ള ട്രോഫി നാസിറുദ്ദീൻ& പാർട്ടി കരസ്ഥമാക്കി.

കോഴിക്കോട് സർവ്വകലാശാല യൂണിയൻെറ മേഖലാ കലോത്സവത്തിൽ നമുക്ക് അത്ഭുതകരമായ നേട്ടങ്ങൾ കൊയ്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്, ഏതാനും പോയൻറുകൾ നഷ്ടപ്പെട്ടില്ലായിരുന്നുവെങ്കിൽ നമുക്ക് ഓവറോൾ ചാമ്പ്യന്മാരാകാമായിരുന്നു. കഴിഞ്ഞ കാലങ്ങൾക്ക് വിഭിന്നമായി മികച്ച പ്രകടനം നമുക്ക് കാഴ്ചവെക്കാൻ കഴിഞ്ഞു. മൊത്തം 156 പോയൻറുകളോടെ നമുക്ക് മൂന്നാം സ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു.

1983 മാർച്ച് 16, 17, 18 ന് കണ്ണൂരിൽ വെച്ച് നടന്ന ഇൻറർസോൺ കലോത്സവത്തിലെ വിജയികൾ

മലയാളം കവിതാരചന (സീനിയർ)
ഹരികൃഷ്ണൻ കെ. ഒന്നാം സ്ഥാനം
ഉർദു കഥാ രചന (ജൂനിയർ)
നാസർ പി. എ. ഒന്നാം സ്ഥാനം
,, (സീനിയർ)
മുഹമ്മദ് പി. പി. ഒന്നാം സ്ഥാനം
ഉർദു കവിതാരചന (സീനിയർ)
വീരാൻകുട്ടി എ. ടി. രണ്ടാം സ്ഥാനം
ഉർദു പ്രബന്ധം (ജൂനിയർ)
നാസർ പി. എ. ഒന്നാം സ്ഥാനം
,, (സീനിയർ)
വീരാൻകുട്ടി എ. ടി. രണ്ടാം സ്ഥാനം
മിമിക്രി അബ്ദുൽനാസർ പി. രണ്ടാം സ്ഥാനം
ഉർദു പ്രസംഗം (ജൂനിയർ)
നാസർ പി. എ. മൂന്നാം സ്ഥാനം
മലയാളം പ്രസംഗം (ജൂനിയർ)
സന്തോഷ്കുമാർ ഇ. കെ. മൂന്നാം സ്ഥാനം
ഒപ്പന (ആൺകുട്ടികൾ)
അബ്ദുൽ ബഷീർ & പാർട്ടി മൂന്നാം സ്ഥാനം

വിജയികളെ അനുമോദിക്കുന്നതോടെ തന്നെ മെച്ചപ്പെട്ട നിലവാരത്തിലേക്കുള്ള കുതിപ്പ് അനുസ്യൂതം തുടരേണ്ടിയിരിക്കുന്നുവെന്ന് യൂണിയൻ നിർദ്ദേശിക്കുന്നു.

## കലാസാഹിതി

യൂണിയനിൽ അഫിലിയേററ് ചെയ്ത് പ്രവർത്തിക്കുന്ന കലാസാഹിത്യവേദി കലാസാഹിതി എന്ന പുതിയ പേരിൽ കോളേജിലെ സാംസ്കാരിക മണ്ഡലത്തിൽ വളരെയേറെ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കലാലയ മതിൽകെട്ടിനകത്ത് ഒതുങ്ങിനിന്ന സാഹിതീയ വളർച്ചക്ക്, പുറത്തും ശ്രദ്ധിക്കപ്പെട്ടു എന്നത് അഭിമാനകരമാണ്. ''തൂലിക'' 'സമസ്യ' 'വൈഖരി' എന്നീ മൂന്ന് കൈയെഴുത്ത് മാസികകൾ ഈ വർഷം പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞു. എണ്ണമററ സാഹിത്യരചനകൾ ചർച്ച ചെയ്യപ്പെട്ടു. വിദ്യാർത്ഥികൾക്കായി സാഹിത്യമത്സരങ്ങൾ സംഘടിപ്പിച്ചു. കുഞ്ഞുണ്ണി മാസ്ററർ ഉൾപ്പെടെയുള്ള കവികളെയും, യുവകവികളെയും ഉൾപ്പെടുത്തി നടത്തിയ കവിയരങ്ങ് ശ്രദ്ധേയമായിരുന്നു.

ആധുനികസിനിമയെക്കുറിച്ച് സയീകിഷോറും, തുള്ളൽ സാഹിത്യത്തെക്കുറിച്ച് പ്രതാപൻ തായാട്ടും വയലാർ കവിതകളെക്കുറിച്ച് പി. കെ. ശശീധരനും, ഈടുററ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സുരേഷ്ബാബു, ശബരിമണി, പ്രതാപൻ, ശശിധരൻ എന്നിവരുടെ കരുത്തുററ നേതൃത്വം കലാസാഹിതിക്ക് മിഴിവേകി.

## കായികരംഗം

കളിക്കളങ്ങളിലും ട്രാക്കിലും മററും ഏതാനും വർഷങ്ങൾക്കുശേഷം വീണ ഉണർവ്വും, പുതുജീവനും ഞങ്ങളെ അത്യന്തം സന്തോഷിപ്പിക്കുന്നു. ഫുട്ബോൾ , ബാററ്മിൻറൻ ടീമുകൾ ബി. സോൺ ചാമ്പ്യൻമാരായി ഷട്ടിൽ, ടെന്നിസ് ടീമുകൾ ബി. സോൺ റണ്ണേഴ്സ് അപ്പാവുകയും ചെയ്തു. ക്രിക്കററ് ടീം ജില്ലാലീഗ് ടൂർണ്ണമെൻറിൽ ചാമ്പ്യൻമാരായപ്പോൾ ജൂനിയർ ബാററ്മിൻറൽ ടീമും ജില്ലാലീഗ് ചാമ്പ്യൻമാരായി. കെ. അഷറഫ്, സി. സി. അബൂബക്കർകോയ, റാസിക് എന്നിവരെ സർവ്വകലാശാല ടീമിലേക്ക് ഈ വർഷവും തെരഞ്ഞെടുത്തു. സർവ്വകലാ നീന്തൽ മത്സരങ്ങളിൽ 100, 200 മീററുകളിൽ മുഹമ്മദ് സുബൈർ ചാമ്പ്യനായി.

ഫെ: 13, 14 തിയ്യതികളിൽ കോളേജ് കായികമത്സരങ്ങൾ നടന്നു. സമ്മാനദാന ചടങ്ങിൽ കോഴിക്കോട് ജില്ലാ പോലീസ് അസിസ്റ്റൻറ് കമ്മീഷണർ ശ്രീ. അബൂബക്കർ ഹാജി മുഖ്യാതിഥിയായിരുന്നു. സർ സയ്യിദ് ഹൗസ് ഓവറോൾ ചാമ്പ്യൻമാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ ഹംസത്തും, പെൺകുട്ടികളുടെ വിഭാഗത്തിൽ ലൈല എം.കെ. യും വ്യക്തിഗതചാമ്പ്യൻമാരായി.

## അസോസിയേഷൻ പ്രവർത്തനങ്ങൾ

സാധാരണ ഉൽഘാടനംതന്നെ അന്ത്യമാവാറുള്ള അസോസിയേഷനുകൾ ഈ വർഷം വളരെ ഗുണപരമായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

മാത്തമാററിക്സ് അസോസിയേഷൻ ഉൽഘാടനം പ്രൊ: ശിവരാമകൃഷ്ണൻ (റീഡർ, കലിക്കററ് യൂനി) നിർവ്വഹിച്ചു. അസോസിയേഷൻെറ കീഴിൽ വിദ്യാർത്ഥി

കൾക്ക് വേണ്ടി മൂന്ന് ക്ലാസുകളും, ഒരു ക്വിസ്സ് മത്സരവും സംഘടിപ്പിച്ചു.

ഇംഗ്ലീഷ് അസോസിയേഷൻ ഉൽഘാടനം മുൻവൈസ് ചാൻസലർ പ്രൊ: കെ. എ. ജലീൽ നിർവ്വഹിച്ചു. അസോസിയേഷന്റെ കീഴിൽ ഒരു ലിറററി ക്വിസ് മത്സരം നടത്തുകയുണ്ടായി.

കെമിസ്ട്രി അസോസിയേഷൻ ഉൽഘാടനം ഡോ: എസ്. കെ. ഹുസൈൻ നിർവ്വഹിച്ചു. അസോസിയേഷന്റെ ആഭിമുഖ്യത്തിൽ രണ്ട് ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി.

ഇക്കണോമിക്സ് അസോസിയേഷൻ ഉൽഘാടനം ഗുരുവായൂരപ്പൻ കോളേജ് പ്രിൻസിപ്പാൾ പ്രൊ: പി. കെ. എം. രാജ നിർവ്വഹിച്ചു. തുടർന്ന് പ്രമുഖ ഇക്കണോമിസ്റ്റ് പ്രൊ: എ. വിജയനാരായണൻ സമകാലീന പ്രശ്നങ്ങളെ കുറിച്ച് വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

മലയാളം & സോഷ്യോളജി അസോസിയേഷൻ ഉൽഘാടനം ശ്രീ. എം. എൻ. കാരശ്ശേരി നിർവ്വഹിച്ചു. 'New trends of sociology' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ: ആർ. സുകുമാരൻ നായരും 'ആധുനിക കവിത' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ: സി. പി. ശിവദാസനും ക്ലാസ് എടുത്തു.

ബോട്ടണി അസോസിയേഷൻ ഉൽഘാടനം ഡോ: കെ. ഉണ്ണികൃഷ്ണൻ നിർവ്വഹിച്ചു.

അറബിക് & ഇസ്ലാമിക് ഹിസ്റ്ററി അസോസിയേഷൻ ഉൽഘാടനം പി. കെ. കെ. ബാവ [M. L A] നിർവ്വഹിച്ചു. അസോസിയേഷന്റെ കീഴിൽ രണ്ട് ക്ലാസ് നടത്തപ്പെട്ടു.

സുവോളജി അസോസിയേഷൻ ഉൽഘാടനം പ്രൊ: സി. പി. ശ്രീകണ്ഠൻനായർ നിർവ്വഹിച്ചു. അസോസിയേഷന്റെ കീഴിൽ ഒരു പഠനസംബന്ധമായ ടൂർ നടത്തി.

ഫിസിക്സ് അസോസിയേഷൻ ഉൽഘാടനം ശ്രീ. പത്മരാജൻ [ഗവ: ആർട്സ് കോളേജ്] നിർവ്വഹിച്ചു അസോസിയേഷന്റെ കീഴിൽ ഒരു ക്ലാസ്സും, ചിത്രപ്രദർശനങ്ങളും നടത്തി.

സ്റ്റാറ്റിസ്റ്റിക്സ് അസോസിയേഷൻ ഉൽഘാടനം പാലക്കാട് വിക്ടോറിയ കോളേജ് പ്രിൻസിപ്പാൾ പ്രൊ: വേണുഗോപാലൻ നിർവ്വഹിച്ചു. അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മൂന്ന് ക്ലാസുകളും ഒരു സ്റ്റഡി ടൂറും സംഘടിപ്പിച്ചു.

കോമേഴ്സ് അസോസിയേഷൻ ഉൽഘാടനവും പ്രവർത്തനങ്ങളും ചില സാങ്കേതിക കാരണങ്ങളാൽ നടന്നില്ല.

## കോളേജ് ഡേ

ഈ വർഷത്തെ കോളേജ് ഡേ അതിവിപുലമായി ആഘോഷിക്കുകയുണ്ടായി. മാർച്ച് 13, 14 തിയ്യതികളിൽ മത്സരങ്ങൾ നടത്തി. മത്സരങ്ങളുടെ ഉൽഘാടനം ഫാറൂഖ് ട്രെയിനിങ്ങ് കോളേജ് പ്രിൻസിപ്പാൾ പ്രൊ: അയ്യപ്പൻപിള്ള നിർവ്വഹിച്ചു. 14ന് വൈകീട്ട് നടന്ന ചടങ്ങിൽവെച്ച് കേരള സർവ്വകലാശാല വൈസ് ചാൻസ്ലർ P. S. ഹബീബ് മുഹമ്മദ് [I A S] വാർഷികദിനം ഔപചാരികമായി ഉൽഘാടനം ചെയ്തു. ചെയർമാൻ അദ്ധ്യക്ഷത വഹിച്ചു. മത്സരവിജയികൾക്ക് വൈസ് ചാൻസ്ലർ സമ്മാനങ്ങൾ നൽകി. കോളേജ് മേനേജർ സ്വാഗതപ്രസംഗം നടത്തി. പ്രിൻസിപ്പാൾ കോളേജ് റിപ്പോർട്ടും, യൂണിയൻ റിപ്പോർട്ട്, യൂണിയൻ സെക്രട്ടറിയും അവതരിപ്പിച്ചു. വൈസ് ചെയർമാൻ നന്ദി രേഖപ്പെടുത്തി.

ഇന്നുവരെയുള്ള യൂണിയൻ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശ നൽകിയ പ്രിൻസിപ്പാൾ സാറിനോടും, പ്രൊ: കൃഷ്ണയ്യർ സാറിനോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

കലാസാഹിത്യ രംഗത്ത് പ്രോത്സാഹനം നൽകിയ ഫൈൻ ആർട്സ് ഡയറക്ടർ ശ്രീ. കെ. എസ്. കരിയൻ, ശ്രീ. പ്രകാശൻ, ശ്രീ. ഷാജഹാൻ, ശ്രീ. ഉമ്മർ ഫാറൂഖ്, ശ്രീ. കെ. ഇ. എൻ. കുഞ്ഞഹമ്മദ്, മുനവർ, ജെസി പാക്കോ എന്നീ അദ്ധ്യാപകഅദ്ധ്യാപികമാരെ, യൂണിയൻ ഊഷ്മളമായി അഭിവാദ്യം ചെയ്യുന്നു.

ലേഡീസ് ഹോസ്റ്റൽ വാർഡൻ, ക്ലാർക്ക്, ശ്രീ. ടി. പി. അഹമ്മദ്, ഫിസിക്കൽ എജുക്കേഷൻ ഡിപ്പർട്ട്മെന്റ്, ഓഫീസ് സ്റ്റാഫ് എന്നിവരെയും മററ് അദ്ധ്യാപക അദ്ധ്യാപികമാരെയും വിദ്യാർത്ഥി വിദ്യാർത്ഥിനികളെയും ഞങ്ങൾ സ്മരിക്കുന്നു.

കുറെ ചെയ്തുവെങ്കിലും എന്തൊക്കെയോ ബാക്കി കിടക്കുന്നു എന്ന തോന്നൽ ഞങ്ങളെ വേദനിപ്പിക്കുന്നു. ഏറെറടുത്ത ചുമതലകളിൽ നിന്നും ഒരു നിമിഷംപോലും ഞങ്ങൾ വ്യതിചലിച്ചിട്ടില്ലെന്ന ആത്മാർത്ഥമായ വിശ്വാസത്തോടെ തന്നെ അവാച്യമായ വികാരങ്ങളുടെ വേലിയേററത്തിൽ ഞങ്ങൾ ഗദ്ഗദകണ്ഠരായി പോകുന്നു. ഞങ്ങൾ നെയ്ത സ്വപ്നങ്ങളിൽ ഇനിയും എത്രയോ ബാക്കിയാവുന്നു. സഹകരിച്ചവർക്കെല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി... നന്ദി

അഭിവാദ്യങ്ങളോടെ

സെക്രട്ടറി

സജ്ജാദ് സഹീർ ഇ. കെ.

# സർ സയ്യിദ് ഹോസ്റ്റൽ

ഇന്ത്യൻ വിദ്യാഭ്യാസ നവോത്ഥാനത്തിന് മഹത്തായ സംഭാവനകളർപ്പിച്ച സർ സയ്യിദ് അഹമ്മദ്ഖാന്റെ നാമധേയത്തിലറിയപ്പെടുന്ന ഈ ഹോസ്റ്റലിന്റെ 1983–84 വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം നിങ്ങളുടെ മുമ്പിൽ ഞാൻ സന്തോഷത്തോടുകൂടി സമർപ്പിക്കട്ടെ.

കഴിഞ്ഞ വർഷങ്ങളിൽനിന്നും വിഭിന്നമായി വലിയ നേട്ടങ്ങളുടെ ഒരു നീണ്ടപട്ടികകൂടി തുന്നിച്ചേർക്കാൻ കഴിഞ്ഞ ചാരിതാർത്ഥ്യത്തോടെ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ എന്റെ കടമയിലേക്ക് കടക്കുകയാണ്.

ഐക്യകണ്ഠേനയാണ് ഹോസ്റ്റൽ യൂണിയൻ ഭാരവാഹികളെ തെരഞ്ഞെടുത്തത് എന്നതിൽ ഞങ്ങൾക്ക് അതിയായ അഭിമാനമുണ്ട്.

## ഭാരവാഹികൾ

| | | |
|---|---|---|
| ചെയർമാൻ | : | അബ്ദുറഹിമാൻ ടി. കെ. |
| ജനറൽ സെക്രട്ടറി | : | ഹാരിസ് കെ. പി |
| ഫൈൻ ആർട്സ് സെക്രട്ടറി | : | ഹാഷിർ എൻ. എം. |

## യൂണിയൻ ഉദ്ഘാടനം

17-8-83ന് ഹോസ്റ്റൽ നടന്ന വർണ്ണശബളമായ ചടങ്ങിൽ യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ശ്രീ യു. എ. ഖാദർ നിർവ്വഹിച്ചു. തുടർന്ന് ശ്രീ. നിലമ്പൂർ ബാലൻ ഫൈൻ ആർട്സ് പ്രവർത്തനങ്ങൾ ഉത്ഘാടനം ചെയ്യുകയും മുൻ പ്രിൻസിപ്പൽ വി. മുഹമ്മദ് സാഹിബ് ആശംസാപ്രസംഗം നടത്തുകയും ചെയ്തു. യോഗത്തിൽ ചെയർമാൻ സ്വാഗതം പറയുകയും സെക്രട്ടറി ഭാവിപരിപാ

ടികൾ വിശദീകരിക്കുകയും ഫൈൻ ആർട്സ് സെക്രട്ടറി, നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. യോഗാനന്തരം കോളേജ് ഓർക്കസ്ട്രാടീമിന്റെ ശ്രുതിമധുരമായ ഗാനമേളയുമുണ്ടായിരുന്നു. കോളേജിലെ 12 പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ വർഷം മുഴുവൻ ഫ്രീ മെസ്സ് നൽകാനുള്ള തീരുമാനമാണ് ഞങ്ങൾ ആദ്യമായി കൈകൊണ്ടത്.

## സിമ്പോസിയം

ഹോസ്റ്റൽ യൂണിയന്റെ ആഭിമുഖ്യത്തിൽ 'കലാലയ രാഷ്ട്രീയവും വിദ്യാഭ്യാസ നിലവാരവും' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സിമ്പോസിയം സംഘടിപ്പിച്ചു. സർവ്വശ്രീ. വി. എം. കൊറോത്ത്, ഉമ്മർ പാണ്ടികശാല, അബ്ദുൽ സമദ് സമദാനി K. E. N. കുഞ്ഞുമുഹമ്മദ് എന്നിവർ പങ്കെടുത്തു. അശ്റഫ് കെ. പി. വിഷയം അവതരിപ്പിച്ചു.

## ഉല്ലാസയാത്ര

1983 നവംബർ 10-ാം തിയ്യതി ഹോസ്റ്റലിൽനിന്നും നാലു ദിവസത്തെ ഒരു ഉല്ലാസയാത്ര സംഘടിപ്പിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. മധുര, കൊടൈക്കനാൽ, വൈഗഡാം മൂലമററം പവർസ്റ്റേഷൻ, ഇടുക്കി, തേക്കടി, എന്നീ സ്ഥലങ്ങൾ സന്ദർശിക്കാനും പഠനാർഹമായ പല കാര്യങ്ങളും ഗ്രഹിക്കുവാനും സാധിച്ചു.

## ലൈബ്രറി

31-10-83 ന് പ്രിൻസിപ്പാളിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ യോഗത്തിൽ മുൻ വാർഡർ ഷാഹുദ്ദീൻ സാർ, ലൈബ്രറിയുടെ ഉൽഘാടനം നിർവ്വഹിക്കുകയും മുഹമ്മദ് ഉമ്മർ സാർ ആശംസാ പ്രസംഗം നടത്തുകയും ചെയ്തു. തദവസരത്തിൽ വാർഡൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ചെയർമാൻ സ്വാഗതവും സെക്രട്ടറി നന്ദി പറയുകയും ചെയ്തു.

## കായികരംഗം

ഫാറൂക്ക് കോളേജിന്റെ കായികരംഗം എസ്. എസ് അന്തേവാസികൾ പിടിച്ചടക്കിയ വർഷമായിരുന്നു ഇത്. നമ്മുടെ ഹോസ്റ്റലിലെ അനിൽകുമാർ കെ. ക്രിക്കററ് ടീം ക്യാപ്റ്റനും, മൊയ്തുട്ടി എം. വോളിബോൾ ടീം ക്യാപ്റ്റനുമായി തെരഞ്ഞെടുക്കപ്പെട്ടു. ബോൾബാഡ്മിൻറണിൽ ബി. സോൺ വിജയികളായ കോളേജ് ടീമിൽ നമ്മുടെ ഹോസ്റ്റലിലെ ജബ്ബാറും കെ. സി. സലീമും അംഗങ്ങളായിരുന്നു. തൃശ്ശൂരിൽ നടന്ന ഇൻറർസോൺ ഷട്ടിൽ ടൂർണ്ണമെൻറിൽ അനിലും നാസറും പങ്കെടുത്തു. ബിസോൺ വിജയികളായ ഫുട ബോൾ ടീമിൽ കുഞ്ഞിമൊയ്തു, സലിം, ജലാലുദ്ദീൻ എന്നിവരുമുണ്ടായിരുന്നു. കൂടാതെ അശ്റഫ്, ഗണേശ്, നാസർ, സലാം എന്നിവർ വോളിബോൾ ടീമിലും ആൻറണി മുസ്തഫ അബ്ദുറഹ്മാൻ, ജലാലുദ്ദീൻ എന്നിവർ ബാസ്ക്കററ്ബോൾ ടീമിലും ജബ്ബാർ, അനിൽ എന്നിവർ ഹോക്കിടീമിലും അംഗങ്ങളാണ്.

കോളേജിലെ ഏററവും വേഗത കൂടിയ അത്ലററായി കുഞ്ഞിമൊയ്തുവിനെയും രണ്ടാമനായി ബഷീർ മുക്കത്തേയും തെരഞ്ഞെടുത്തു. പോൾ വോൾട്ടിൽ രണ്ടാംസ്ഥാനം മുസ്തഫ പി. സി കരസ്ഥമാക്കി.

## കലാരംഗം

കലാരംഗത്തു ഞങ്ങൾ ഒട്ടും പിന്നിലായിരുന്നില്ല. കോളേജ്ഡേയോടനുബന്ധിച്ചു നടത്തിയ കലാപരിപാടികളിൽ ഒന്നാംസ്ഥാനം എസ്. എസിനു കിട്ടി.

കോളേജിലെ മികച്ച ഗായകരായ ഹബീബുർ റഹ്മാനും ആസാദും ഈ ഹോസ്റ്റലിൽ അന്തേവാസികളാണ്. കോളേജിലെ ഏററവും നല്ല പ്രാസംഗികനായി കെ. പി. അശ്റഫും ഏററവും നല്ല സാഹിത്യകാരനായി ഹരികൃഷ്ണനുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ഇൻറർ ഹോസ്ററൽ ക്വിസ്മത്സരത്തിൽ അനിൽകുമാർ ഹരികൃഷ്ണൻ എന്നിവരടങ്ങിയ എസ്. എസ് ഹോസ്ററൽ ടീം ട്രോഫി കരസ്ഥമാക്കി.

ഇൻറർ കോളേജിയേററ് ഡിബേററിൽ അശ്റഫ് കെ. പി. അബ്ദുസ്സാഹബ് സ്മാരകട്രോഫി നേടി ഫാറൂഖ് കോളേജിനെ വിജയതിലകമണിയിച്ചു.

യാത്രയയപ്പ്: ഹോസ്ററൽ അസി. വാർഡൻ അബ്ദുറഹിമാൻ സാറിന്ന് ഹജ്ജിന് പോകുന്ന സമയത്ത് ഹൃദ്യമായ ഒരു യാത്രയയപ്പ് യൂണിയന്റെ ആഭിമുഖ്യത്തിൽ നൽകി.

## ഹോസ്ററൽ ഡേ

25-2-1984ന് ഹോസ്ററൽഡേ ആർഭാടപൂർവ്വം കൊണ്ടാടി. തദവസരത്തിൽ മുഖ്യാതിഥിയായിരുന്ന മുൻ വൈസ് ചാൻസ്ലർ കെ. എ. ജലീൽ ഹോസ്ററൽഡേ ഉൽഘാടനം ചെയ്തു. ഹോസ്ററൽ യൂണിയൻ പ്രസിദ്ധീകരിച്ച 'കിനാവ്' എന്ന കയ്യെഴുത്ത്മാസിക ശ്രീ: മയ്യനാട്ട് ഷാഹുദ്ദീന് നല്കിക്കൊണ്ട് പ്രസിദ്ധ സിനിമാ സംവിധായകനായ ഭരതൻ പ്രകാശനം ചെയ്തു. പ്രസ്തുത ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ അദ്ധ്യക്ഷനായിരുന്നു. ശ്രീ കെ. എ. കൊടുങ്ങല്ലൂർ ആശംസാപ്രസംഗം നടത്തുകയും സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. യൂണിയൻ ചെയർമാൻ സ്വാഗതം പറയുകയും ഫൈൻ ആർട്സ് സിക്രട്ടറി നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

---

# എ. എൽ. എം. ഹോസ്ററൽ

---

1983 ആഗസ്ററ് 28-ന് എ. എൻ. എം. ഹോസ്ററൽ '83-'84 കൗൺസിലിന്റെ ഔദ്യോഗിക ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാൻ, ജനറൽ സെക്രട്ടറി, ഫൈൻ ആർട്സ് സെക്രട്ടറി എന്നിവരായി കെ. ഷാജി, ജോയ് എൻ. ജോൺ എന്നിവർ ഫസലുൽ ഹാവ് എന്നിവർ യഥാക്രമം തെരഞ്ഞെടുക്കപ്പെട്ടു.

ഹോസ്ററൽ കൗൺസിൽ പ്രവർത്തനങ്ങളുടെ ഔപചാരികോൽഘാടനം 83 സെപ്റ്റം 28ന് പ്രശസ്ത നോവലിസ്ററ് ശ്രീ. എൻ. പി. മുഹമ്മദ് നിർവ്വഹിച്ചു. ഹോസ്ററൽ വാർഡൻ ശ്രീ. കെ. കെ. അബ്ദുല്ല അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ആശംസകളർപ്പിച്ചു.

കൗൺസിലിന്റെ ആദ്യയോഗത്തിൽ അർഹരായ ഏഴു വിദ്യാർത്ഥികൾക്ക് ഈ വർഷത്തേക്ക് സൗജന്യഭക്ഷണം നല്കുവാനുള്ള തീരുമാനമെടുത്തു. കൊണ്ടോട്ടിയിലെ ഒരു നിർദ്ധന കുടുംബാംഗവും രോഗിയുമായ ഒരു വിദ്യാർത്ഥിനിക്ക് കഴിയുന്ന സാമ്പത്തിക സഹായമെത്തിക്കുവാനും ഈ യോഗം തീരുമാനിച്ചു. ഇതിനുവേണ്ടി ശേഖരിച്ച ഫണ്ട് ഒരാഴ്ചക്കുള്ളിൽ ഈ കുടുംബത്തിന് എത്തിക്കുവാൻ കഴിഞ്ഞു.

ഫാറൂഖ് കോളേജ് ഹോസ്ററലുകളുടെ ചരിത്രത്തിലാദ്യമായി ഒരു 'ഇൻറർ ഹോസ്റ്റൽ' ക്വിസ്മത്സരം നടത്തുവാൻ കൗൺസിലിനു കഴിഞ്ഞു. വിവിധ ഹോസ്ററലുകൾ പങ്കെടുത്ത ഈ മത്സരത്തിൻെറ സമ്മാനദാനം പ്രിൻസിപ്പൽ നിർവ്വഹിച്ചു.

കൗൺസിലിൽ ഒരു 'Talk series' സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ഇതിൻെറ ഔപചാരികോൽഘാടനവും ആദ്യ പ്രസംഗവും കോഴിക്കോട്ട സർവ്വകലാശാല മുൻ വൈസ് ചാൻസലർ, പ്രൊഫ. കെ. എ. ജലീൽ 83 നവ. 27 ന് നിർവ്വഹിച്ചു. മുൻ അഖിലേന്ത്യാ എം. ഇ. എസ് പ്രസിഡണ്ട് ഡോ. പി. കെ. അബ്ദുൽ ഗഫൂർ, പ്രൊ. പി. പി ഷാഹുൽ ഹമീദ് തുടങ്ങിയവരായിരുന്നു ഈ പരിപാടിയിൽ പിന്നീട്ട പങ്കെടുത്ത പ്രാസംഗികർ.

'84 ഫെ. 27ന് ഹോസ്ററൽദിനം സമുചിതമായി ആഘോഷിച്ചു. കോഴിക്കോട് കോർപ്പറേഷൻ മേയർ ശ്രീ. എം. ശങ്കരൻ ആയിരുന്നു വിശിഷ്ടാതിഥി.

ഹോസ്ററൽ ദിനത്തോടനുബന്ധിച്ച് നടന്ന വിവിധ കായികമത്സരങ്ങളിലെ വിജയികൾക്കായി പ്രിൻസിപ്പൽ സമ്മാനദാനം നിർവ്വഹിച്ചു.

## ആസാദ് ഹോസ്ററൽ

ഹോസ്ററൽ യൂണിയൻ ചെയർമാനായി സി. അബ്ദുറഹിമാനേയും ജനറൽ സെക്രട്ടറിയായി കെ. മുഹമ്മദ് ഇഖ്ബാലിനേയും ഫൈൻ ആർട്ട്സ് സെക്രട്ടറിയായി വി. പി. മുഹമ്മദ് റഹ്മത്തുള്ളയേയും തെരഞ്ഞെടുക്കപ്പെട്ടു.

## പ്രസിഡൻസ് ഹോസ്ററൽ

പ്രസിഡൻസ് ഹോസ്ററൽ യൂണിയൻ പ്രൊഫ: പി. അബ്ദുറഹിമാൻ സാഹിബ് നിർവ്വഹിച്ചു.

ആഴ്ചതോറും വൈജ്ഞാനിക വിജയത്തിന് ഉപകരിക്കുന്ന സാഹിത്യസമാജം യോഗം നടന്നു.

വാർഡൻ ഡോ: ഖുദ്റത്തുള്ള ഖുർആൻ ക്ളാസുകൾ നടത്തി.

ഹോസ്ററലിൽ 1973ൽ സ്ഥാപിച്ച പലിശരഹിത ഉമ്മർ ഇസ്ലാമിക് ബാങ്ക് ഈ വർഷവും പ്രവർത്തിച്ചു. ഈ വർഷത്തെ ജനറൽ സെക്രട്ടറി പി. എം. അബൂബക്കറായിരുന്നു.

ഹോസ്റ്റൽഡേയുടെ മുഖ്യാതിഥി ശ്രീ: ഖാൻകാവിൽ ആയിരുന്നു.

## ലേഡീസ് ഹോസ്ററൽ

യൂണിയൻ 4-11-83ന് പ്രൊ: പി. മുഹമ്മദ് സാഹിബ് നിർവ്വഹിച്ചു. കവി ശ്രീ. കുഞ്ഞുണ്ണി മാസ്ററായിരുന്നു മുഖ്യാഥിതി.

19-2-84ന് ഗംഭീരമായി കൊണ്ടാടിയ ഹോസ്ററൽ ഡേയുടെ മുഖ്യാതിഥി ശ്രീ. പി. പി. ഉമ്മർകോയയായിരുന്നു.

# ഇസ്ലാമിക് സ്റ്റഡിസർക്കിൾ

വർഷങ്ങളായി വിജയകരമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന റൗസത്തുൽ ഉലൂം അറബിക് കോളജ് ഇസ്ലാമിക് സ്റ്റഡിസർക്കിൾ 1983-84 വർഷത്തിൽ പൂർവ്വാധികം ഊർജ്ജസ്വലമായി പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

സ്റ്റഡിസർക്കിളിന്റെ ഡയറക്ടറായി പ്രൊ: പി. പി. ഹാഫിൽഹമീദ് ചാർജെടുത്തു. സ്റ്റഡിസർക്കിളിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ക്യാമ്പസിലെ മുഴുവൻ വിദ്യാർത്ഥി വിദ്യാർത്ഥിനികളും സജീവതാല്പര്യത്തോടെ പങ്കെടുക്കുകയുണ്ടായി,

സ്റ്റഡിസർക്കിളിന്റെ ഈ വർഷത്തെ ചെയർമാനായി ടി. പി. സംഷീറിനെയും, സെക്രട്ടറിയായി പി. അഹമ്മദ് ഷെറീഫിനെയും, ഗവേണിംഗ് ബോഡി ചെയർമാൻ വി. മുഹമ്മദ് സാഹിബ് നോമിനേറ്റു ചെയ്തു.

സെപ്റ്റംബർ 26-ാം തിയ്യതി കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് യോഗത്തിൽ വെച്ച് ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം വി. മുഹമ്മദ് സാഹിബ് നിർവ്വഹിച്ചു. ചടങ്ങിൽ പ്രൊഫ. ടി. അബ്ദുള്ള അദ്ധ്യക്ഷ്യം വഹിച്ചു.

വിവിധ വിഷയങ്ങളെ പുരസ്കരിച്ച്കൊണ്ട് ജനാബുമാർ ടി. പി. അബ്ദുള്ളക്കോയ മദനി, സി. സി. അബ്ദുൽഖാദിർ മൗലവി, ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, ഒ. അബ്ദു റഹിമാൻ, വി. മുഹമ്മദ് ബഷീർ, എം. മുഹമ്മദ് മദനി, കെ. സി. അബൂബക്കർമൗലവി, ടി. എ. അഹമ്മദ് കബീർ വി. പി. സെയ്തു മുഹമ്മദ് നിസാമി എന്നിവർ ക്ലാസ്സെടുക്കുകയുണ്ടായി.

സെക്രട്ടറി

# കലാസാഹിതി പ്രവർത്തന റിപ്പോർട്ട്

നാല് വർഷങ്ങൾക്ക് മുമ്പ് പ്രൊ: എ. പി. പി. നമ്പൂതിരിയുടെയും സാഹിത്യപ്രിയരായ ഏതാനും വിദ്യാർത്ഥികളുടെയും ശ്രമഫലമായി 'സാഹിത്യവേദി' രൂപീകരിക്കപ്പെട്ടു. 'സാഹിത്യവേദി'യുടെ ഈ വർഷത്തെ ഉത്ഘാടനയോഗം 28–6–83ന് നടന്നു. ശ്രീ. കെ. ഇ. എൻ. കുഞ്ഞഹമ്മദ് മാസ്ററരുടെ അദ്ധ്യക്ഷതയിൽ ചേർന്ന, ആ യോഗം 'സാഹിത്യവേദി' എന്ന പേരു് ''കലാസാഹിതി എന്നാക്കി മാററാൻ തീരുമാനിച്ചു, പ്രവർത്തനമാരംഭിച്ചു.

ഉന്നതമായ ലക്ഷ്യത്തോടെ പ്രവർത്തനമാരംഭിച്ച 'കലാസാഹിതി' തീരാത്ത പരിമിതികളാൽ ബന്ധിതമായിരുന്നു. എന്നാൽ പരിമിതികൾക്കൊപ്പം തന്നെ പ്രകാശമയമായ സാദ്ധ്യതകളും കലാസാഹിതിക്ക് ഉണ്ട്. ആ സാദ്ധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തി പ്രതിഭാധനരായ വിദ്യാർത്ഥികളുടെ ബഹുമുഖമായ അഭിരുചികൾക്ക് വികാരവേദിയൊരുക്കി പ്രകാശമാനമാക്കാൻ 'കലാസാഹിതി' ശ്രമിച്ചിട്ടുണ്ട്. ''സമസ്യ, ത്രൂലിക, വൈഖരി'' എന്നിങ്ങനെ മൂന്ന് കൈയ്യെഴുത്ത് മാസികകൾ പ്രസിദ്ധപ്പെടുത്തി. എണ്ണ സാഹിത്യചർച്ചകൾകൊണ്ടും, സ്വന്തം കൃതികളുടെ അവതരണംകൊണ്ടും കലാസാഹിതി ധന്യയായിരുന്നു.

നമ്മുടെ കോളേജിലെയും, സമീപ കോളേജിലേയും യുവകവികൾ, ശ്രീ കുഞ്ഞുണ്ണിമാസ്ററരോപ്പം ചേർന്ന് നടത്തിയ കവിയരങ്ങ് കാവ്യാസ്വാദകരുടെ ലഹരിയായി മാററാൻ കഴിഞ്ഞിട്ടുണ്ട്.

''ആധുനിക സിനിമ' എന്ന വിഷയത്തെപ്പററി സായികിഷോർ എഴുതി ശബരിമണി അവതരിപ്പിച്ച പ്രബന്ധവും എം. എ. റഹ്മാൻ, പി. കെ. ശശിധരൻ എന്നിവരുടെ വിലയിരുത്തലുകളും ശ്രദ്ധേയമായിരുന്നു.

''തുള്ളൽ സാഹിത്യ''ത്തെപ്പററി പ്രതാപൻ തായാട്ട് അവതരിപ്പിച്ച പ്രബന്ധവും, അതോടനുബന്ധിച്ച നടന്ന ചർച്ചയും പഠനാർഹമായിരുന്നു.

''വയലാർ കവിത ഒരെത്തിനോട്ടം'' എന്ന വിഷയത്തെപ്പററി പി. കെ. ശശിധരൻ പ്രബന്ധം അവതരിപ്പിച്ചു പ്രദീപ് ടി, ശബരിമണി, സുരേഷ്കുമാർ, പ്രതാപൻ എന്നിവർ നടത്തിയ ചർച്ചയും ശ്രീ. ഇ. കെ. എൻ. കുഞ്ഞഹമ്മദ് നടത്തിയ അവലോകനവും വിജ്ഞാനപ്രദമായിരുന്നു. കലാസാഹിതി ഈ വർഷം നടത്തിയ സാഹിത്യമത്സരത്തിൽ, അശ്വതി പ്രതാപ (കവിത) മുഹമ്മദ് ടി. (കഥ) എന്നിവർ സമ്മാനാർഹരായി.

പൂർണ്ണത നേടി എന്നു് അവകാശപ്പെടാതെ, പൂർണ്ണത നേടാനുള്ള പ്രയാണത്തിനാക്കം കൂട്ടാൻ, 'കലാസാഹിതി' എന്ന കൈത്തിരി അണയാതെ സംരക്ഷിക്കാൻ, വരും തലമുറയെ ഏല്പിച്ചുകൊണ്ട് വിട പറയുന്നതോടൊപ്പം കലാസാഹിതിക്ക് അനുഗ്രഹാശിസ്സുകൾ നൽകിയ പ്രിൻസിപ്പാലിനേയും, കലാസാഹിതിയുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശം നൽകി, ലാളിച്ചു, ശാസിച്ച് ഓജസ്സും ശക്തിയുമേകി കെട്ടുറപ്പ് നൽകിയ ശ്രീ. കെ. ഇ. എൻ. കുഞ്ഞഹമ്മദ് മാസ്റ്ററേയും, അകലാതെ അടുക്കാതെ കലാസാഹിതിക്ക് ആത്മധൈര്യമേകിയ ശ്രീ. എൻ. പി. ഹാഫിസ്സ് മുഹമ്മദ് മാസ്ററരേയും ഈയവസരത്തിൽ ഹൃദയപൂർവ്വം സ്മരിക്കുന്നു. ഒപ്പം കൂടെ നിന്ന എല്ലാ സുഹൃത്തുക്കളേയും.

കലാസാഹിതിക്ക് വേണ്ടി

പി. കെ. ശശിധരൻ

# സൈക്കോ ക്ലബ്

വർഷങ്ങൾക്കുമുമ്പ് കോളേജിൽ നിലവിലുള്ളതും മററു പല ക്ലബ്ബുകളെയും അസോസിയേഷനുകളെയും അപേക്ഷിച്ച് വളരെ സജീവമായി പ്രവർത്തിക്കുന്നതുമായ ഒന്നാണ് മനഃശ്ശാസ്ത്ര ക്ലബ്ബ് — മനഃശ്ശാസ്ത്രത്തെ പുച്ഛിച്ച് തള്ളിയിരുന്ന കാലം എങ്ങോ പോയ് മറഞ്ഞു, ഇന്നാകട്ടെ സമൂഹത്തിൽ മനഃശ്ശാസ്ത്രത്തിന് പരമോന്നതവും ഒഴിച്ച് കൂടാൻ പററാത്തതുമായ ഒരു സ്ഥാനമാണുള്ളത്. ഈ അവസ്ഥയിൽ വിദ്യാർത്ഥികളിൽ മനഃശ്ശാസ്ത്രപരമായ ജ്ഞാനം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ് ഫാറൂഖ് കോളേജിൽ സൈക്കോ ക്ലബ്ബ് നിലകൊള്ളുന്നത്.

പ്രീഡിഗ്രി മുതൽ പോസ്റ്റുഗ്രാജുവേഷന് പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾവരെയുള്ള എല്ലാവരും വളരെ താല്പര്യപൂർവ്വം പങ്കെടുക്കുന്ന കോളേജിലെ ഒരേ ഒരു വേദിയാണ് മനഃശ്ശാസ്ത്രക്ലാസ്. മനശ്ശാസ്ത്രത്തിൻെറ വ്യത്യസ്ഥ വശങ്ങളെക്കുറിച്ച് ഓരോരുത്തരുടേയും മനസ്സിൽ അന്തർലീനമായി കിടക്കുന്ന ചുരുൾ നിവരാത്ത പ്രശ്നങ്ങൾക്ക് സംശയലേശമെന്യേ ഈ വേദിയിൽ മറുപടി ലഭിക്കുന്നു. പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ പൊതുവായ താല്പര്യം മുൻനിർത്തിക്കൊണ്ടായിരിക്കും അതതു ക്ലാസുകളിലേക്കുള്ള മനഃശ്ശാസ്ത്ര വിഷയങ്ങൾ തിരഞ്ഞെടുക്കുക. അങ്ങിനെ തിരഞ്ഞെടുത്ത വിഷയങ്ങൾ പ്രഗത്ഭരായ മനഃശ്ശാസ്ത്ര വിദഗ്ധന്മാർ കൈകാര്യം ചെയ്യുന്നു. തല്പരരായ വിദ്യാർത്ഥികൾ മാത്രം പങ്കെടുക്കുന്ന ക്ലാസ് — വളരെ അച്ചടക്കത്തോടെ ഇരിക്കുന്ന സദസ്സ് — മനഃശ്ശാസ്ത്ര ലോകത്തിലെ വിവിധ മേഖലകളിലേക്ക് വെളിച്ചം വീശുന്ന വിഷയങ്ങൾ— വിഷയാവതാരകനായ ഒരദ്ധ്യാപകന് സംതൃപ്തിയേകാൻ ഇതിൽപ്പരമെന്തുവേണം?

സൈക്കൊ ക്ലബ്ബ് ഡയരക്ടർ പ്രൊഫസ്സർ : മുഹമ്മദ് ഹസൻ സാറിൻെറ അവസരോചിതമായ നിർദ്ദേശോപദേശങ്ങളാണ് ക്ലബ്ബിൻെറ മുതൽക്കൂട്ട്. ഈ വർഷം നടത്തിയ ഭൂരിഭാഗം ക്ലാസുകളും അദ്ദേഹത്തിൻെറ നേതൃത്വത്തിലായിരുന്നു. സമൂഹത്തെയും പൊതുവെ വിദ്യാർത്ഥികളെയും ബാധിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളെക്കുറിച്ചുള്ള മനഃശ്ശാസ്ത്ര വശങ്ങളായിരുന്നു മുഖ്യമായും പ്രതിപാദ്യം. പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ നിസ്സീമമായ സഹകരണമായിരുന്നു ക്ലബ്ബിൻെറ വിജയം. കാലത്തിനനുസൃതമായും വിദ്യാഭ്യാസപരമായും വളരുന്നതോടൊപ്പംമനഃശ്ശാസ്ത്രപരമായും വളരേണ്ട കാലഘട്ടമാണിതെന്നതിനാൽ കോളേജിൽ മനഃശ്ശാസ്ത്ര ക്ലബ്ബിൻെറ ആവശ്യകത എത്രത്തോളം പ്രാധാന്യമർഹിക്കുന്നതാണെന്ന് നമുക്ക് മനസ്സിലാക്കാം.

സെക്രട്ടറി,
അബൂബക്കർ എം. എം.
ബി. എ. രണ്ടാം വർഷം